"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - കാസറഗോഡ് വികസന പാക്കേജ് - ഡോ.പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഉപ്പള എൻഎച്ച് സ്കൂൾ - മുളിഞ്ച ക്ഷേത്ര റോഡ് (0/000 മുതൽ 2/000 വരെ) മെച്ചപ്പെടുത്തൽ എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം.91/2026/P&EA തിരുവനന്തപുരം, 27-02-2026

---

പരാമർശം:-
1. സ.ഉ(സാധാ) നം.373/2014/പ്ലാനിംഗ് തീയതി 13.08.2014.
2. കാസറഗോഡ് ജില്ലാ കളക്ടറുടെ 07.11.2025, 09.01.2026 & 04.02.2026 തീയതികളിലെ കത്തുകൾ.
3. സംസ്ഥാന ആസൂത്രണ ബോർഡിന്റെ 07.01.2026 ലെ എസ്.പി.ബി/3/2026-അഗ്രി നമ്പർ കത്ത്.
4. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 10.02.2026 ന് ചേർന്ന സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്.

ഉത്തരവ്

കാസറഗോഡ് വികസന പാക്കേജുമായി ബന്ധപ്പെട്ട ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് പരാമർശം (1) ലെ സർക്കാർ ഉത്തരവു പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2025-26 സാമ്പത്തികവർഷം പാക്കേജിലെ പദ്ധതികളുടെ നിർവ്വഹണത്തിനായി ക്യാപിറ്റൽ ശീർഷകത്തിൽ 70 കോടി രൂപയും റവന്യൂ ശീർഷകത്തിൽ 5 കോടി രൂപയും ഉൾപ്പെടെ ആകെ 75 കോടി വകയിരുത്തിയിട്ടുണ്ട്.

2. നടപ്പ് സാമ്പത്തികവർഷം കാസറഗോഡ് വികസന പാക്കേജിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ലാത്ത 10 പദ്ധതികൾക്കായി കാസറഗോഡ് ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

3. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 10.02.2026 ന് ചേർന്ന സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗത്തിൽ ജില്ലാ കളക്ടർ സമർപ്പിച്ച 10 പദ്ധതി നിർദ്ദേശങ്ങൾ പരിശോധിക്കുകയും നടപ്പ് സാമ്പത്തികവർഷത്തെ ഫണ്ട് ലഭ്യത കണക്കിലെടുത്ത് ഉപ്പള എൻഎച്ച് സ്കൂൾ - മുളിഞ്ച ക്ഷേത്ര റോഡ് (0/000 മുതൽ 2/000 വരെ) മെച്ചപ്പെടുത്തൽ എന്ന 1 കോടി രൂപയുടെ പ്രവൃത്തി 2025-26 സാമ്പത്തികവർഷം കാസറഗോഡ് വികസന പാക്കേജിൽ

ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ശിപാർശ ചെയ്യുകയും ചെയ്തു.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാനതല എംപവേർഡ് കമ്മിറ്റി ശിപാർശ ചെയ്ത ഉപ്പള എൻഎച്ച് സ്കൂൾ - മുളിഞ്ച ക്ഷേത്ര റോഡ് (0/000 മുതൽ 2/000 വരെ) മെച്ചപ്പെടുത്തൽ എന്ന 1 കോടി രൂപയുടെ പ്രവൃത്തി 2025-26 സാമ്പത്തികവർഷം കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് (നിരത്തുകൾ വിഭാഗം) ഏറ്റെടുത്ത് ഒരു വർഷ കാലയളവിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
സെക്രട്ടറി,പൊതുമരാമത്ത് വകുപ്പ്
ജില്ലാ കളക്ടർ, കാസറഗോഡ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ചീഫ്, അഗ്രി ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, കാസറഗോഡ് വികസന പാക്കേജ്
ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസറഗോഡ്
വെബ് & ന്യൂ മീഡിയ (ഐ& പി.ആർ.ഡി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Alen Alphonse
Date: 27-02-2026 14:58:58
സെക്ഷൻ ഓഫീസർ